# സംഘവേദി

കെ.എസ്.എഫ്.ഇ.സ്റ്റാഫ് അസോസിയേഷൻ പ്രസിദ്ധീകരണം

പുസ്തകം 7 □ ലക്കം 28 □ 1997 ആഗസ്റ്റ് □ കെ.എസ്.എഫ്.ഇ.സ്റ്റാഫ് അസോസിയേഷൻ □പേജ് 8

# സി.ഐ.ടി.യു. ഒമ്പതാം ദേശീയ സമ്മേളനം

സി.ഐ.ടി.യു. ഒമ്പതാം ദേശീയ സമ്മേളനം 1997 ഏപ്രിൽ 21 മുതൽ 26 വരെയുള്ള തിയ്യതികളിൽ എറണാകുളം ഇന്റർനാഷ്ണൽ സ്റ്റേഡിയത്തിൽ ഒരുക്കിയ സ:വി.ജി.ഭാസ്കരൻനായർ നഗറിൽ വിജയകരമായി നടന്നു.


1970

1997 മെയ് 30 ന് കൽക്കത്തയിൽ വെച്ച് സി.ഐ.ടി.യു. ജന്മമെടുത്തതിന് ശേഷം രണ്ടാമത്തെ തവണയാണ് കേരളത്തിൽ വെച്ച് ദേശീയ സമ്മേളനം നടന്നത്. 1973 ൽ രണ്ടാം ദേശീയ സമ്മേളനം നടന്നതും എറണാകുളത്തു വെച്ചുതന്നെയാണ്. ഈ കാലയളവിൽ സി.ഐ.ടി.യു. വിന് ദേശീയ തലത്തിലും കേരളത്തിലും വലിയ വളർച്ചയുണ്ടായിട്ടുണ്ട്. അത് ഈ സമ്മേളനത്തിന്റെ നടത്തിപ്പിലും ഗാംഭീര്യത്തിലും പ്രകടമായിരുന്നു. 27 വർഷത്തെ പ്രവർത്തനത്തിലൂടെ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ നടുനായകസ്ഥാനം ഏറ്റെടുക്കുവാൻ സി.ഐ.ടി.യു. വിന് കഴിഞ്ഞിട്ടുണ്ട്. ജമ്മുകാശ്മീരുൾപ്പെടെ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ഘടകങ്ങളുള്ള സംഘടനയായി സി.ഐ.ടി.യു. വളർന്നു കഴിഞ്ഞു എന്ന് സമ്മേളനത്തിലെ പ്രാതിനിധ്യത്തിൽ നിന്നും വ്യക്തമായി. 28 ലക്ഷത്തോളം വരുന്ന അംഗങ്ങളെ പ്രതിനിധീകരിച്ച് 2538 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. യൂറോപ്പിലെയും

## സി.ബി.സി. വാര്യർ

ആഫ്രിക്കയിലെയും ഏഷ്യയിലെയും വിവിധ രാജ്യങ്ങളിൽ നിന്നായി 27 വിദേശപ്രതിനിധികൾ പങ്കെടുത്തത് സി.ഐ.ടി.യു. വിന്റെ വളർന്നു വികസിച്ച സാർവ്വദേശീയ ബന്ധത്തിന് തെളിവായിരുന്നു.

1997 ഏപ്രിൽ 21 ഉച്ചയ്ക്ക് 2 മണിക്ക് സമ്മേളന നഗറിൽ ദേശീയ പ്രസിഡണ്ട് സ: ഇ. ബാലാനന്ദൻ പതാക ഉയർത്തിയതോടെ സമ്മേളന നടപടികൾ ആരംഭിച്ചു. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനി



സ:ഇ.ബാലാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

ശേഷം രണ്ടാം പേജിൽ

# രജത ജൂബിലി സമ്മേളനം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ആസ്ഥാനമാക്കി 1971 ൽ രൂപം കൊണ്ട കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷന്റെ രജതജൂബിലി സമ്മേളനം ഏപ്രിൽ 12,13 തിയ്യതികളിൽ തൃശ്ശൂരിൽ നടന്നു.

തൃശ്ശൂർ സി.എം.എസ്.ഹൈസ്കൂളിൽ ഒരുക്കിയ സ:പി.പി.നാരായണൻ നഗറിൽ ഏപ്രിൽ 12 രാവിലെ 10ന് അസോസിയേഷൻ പ്രസിഡണ്ട് സ:സി.ബി.സി.വാര്യർ പതാക ഉയർത്തിയതോടെ സമ്മേളന പരിപാടികൾ ആരംഭിച്ചു. കേരള സംസ്ഥാന പട്ടികജാതി–പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പ് മന്ത്രി സ:കെ.രാധാകൃഷ്ണൻ സമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് സ:സി.ബി.സി.വാര്യർ അദ്ധ്യക്ഷനായിരുന്നു. ലോകത്തിനാകെ മാതൃകയായിക്കൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനകീയാസൂത്രണ പദ്ധതിയിലൂടെ അധികാരം ജനങ്ങൾക്ക് നൽകുന്നതിനുള്ള യഥാർത്ഥ ജനാധിപത്യ പ്രക്രിയക്ക് രൂപം നൽകിയിരിക്കുകയാണെന്നും അതിൽ കെ.എസ്.എഫ്.ഇ. ജീവനക്കാരും തങ്ങളുടേതായ പങ്ക് വഹിക്കണമെന്നും ഉദ്ഘാടകൻ ആഹ്വാനം ചെയ്തു. NGO യൂണിയൻ പ്രസിഡണ്ട് സ: കെ.വരദരാജൻ, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ: എംപ്ലോയീസ് നേതാവ് സ: കെ.രാമൻ, കെ.എസ്.ടി.എ നേതാവ് സ:നാരായണൻ KSFE ഓഫീസേഴ്സ് യൂണിയൻ പ്രസിഡണ്ട് സ: ആർ. രാഘവൻപിള്ള എന്നിവർ സമ്മേളനത്തിന് ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് 1973 മുതൽ സംഘടനയുടെ ജനറൽ സെക്രട്ടറിമാരായിരുന്നിട്ടുള്ള സഖാക്കൾ കെ.കെ.കൃഷ്ണൻ, എ. സുകുമാരൻനായർ, എം.മുരളീധരൻനായർ, അബുബക്കർ, ലെനിൻരാജേന്ദ്രൻ, സി.ആർ.തങ്കപ്പൻ, വി.കെ. പൊന്നപ്പൻ, എ.എം. ഫറൂഖ് എന്നിവരെ സമ്മേളനം ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. ആദ്യകാല പ്രവർത്തനങ്ങളുടെ ഉജ്വല സ്മരണകൾ അയവിറക്കിക്കൊണ്ട്

ശേഷം നാലാം പേജിൽ

# ജനറൽ സെക്രട്ടറിയുടെ കത്ത്

സഖാക്കളെ,

ഒരിടവേളയ്ക്കു ശേഷം സംഘവേദി വീണ്ടും നിങ്ങളുടെ കൈകളിലെത്തുകയാണ്. ക്രമമായി രണ്ടുമാസത്തിലൊരിക്കൽ ഇത് പ്രസിദ്ധീകരിക്കാമെന്നുള്ള ഉറപ്പാണ് ഒരു ക്ഷമാപണത്തിനു പകരമായി നൽകാനുള്ളത്. സംഘവേദിയുടെ കെട്ടിലും മട്ടിലും ചിലമാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കാര്യമാത്ര പ്രസക്തമായ വിവരങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ഏറ്റവും ചെലവു കുറഞ്ഞ രീതിയിലാണ് പ്രസിദ്ധീകരിക്കുന്നത്.

സോഷ്യലിസത്തിന്റെ അജയ്യത വീണ്ടും ഉയർത്തിപ്പിടിക്കുന്ന സംഭവ വികാസങ്ങളാണ് സാർവ്വദേശീയ രംഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൂർവ്വസോഷ്യലിസ്റ്റ് രാജ്യങ്ങളിലെല്ലാം തന്നെ മുൻകമ്മ്യൂണിസ്റ്റുകൾ വീണ്ടും അധികാരത്തിലേറികൊണ്ടിരിക്കുന്നു. ഇറ്റലിയിലും ഫ്രാൻസിലും സോഷ്യലിസ്റ്റ് കക്ഷികൾ അധികാരത്തിലെത്തിയിരിക്കുന്നു. ബ്രിട്ടനിൽ യാഥാസ്ഥിതിക കക്ഷിയുടെ പരാജയവും മുതലാളിത്ത വ്യവസ്ഥിതിക്കേറ്റ കനത്ത തിരിച്ചടിയാണ്. അൽബേനിയായിലും ജപ്പാനിലും മെക്സിക്കോയിലും അടുത്തയിടെ നടന്ന തെരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഉജ്വല മുന്നേറ്റം നടത്തിയിരിക്കുന്നു. ഒരു ആഗോള വിഭ്രാന്തിയിൽ സോഷ്യലിസത്തെ വലിച്ചെറിഞ്ഞ രാജ്യങ്ങൾ മുതലാളിത്തത്തിന്റെ പൊള്ളത്തരങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. ഒന്നരനൂറ്റാണ്ടിലേറെക്കാലത്തെ ബ്രിട്ടീഷ് അടിമത്തത്തിനുശേഷം ഹോങ്ങ്കോങ്ങ് ജനകീയ ചൈനയുടെ ഭാഗമായി മാറി. ഇറാനിലെ തിരഞ്ഞെടുപ്പിൽ മതമൗലിക വാദികൾക്കേറ്റ പരാജയവും ശ്രദ്ധേയമാണ്.

ഇന്ത്യയിൽ ഐക്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ പ്രതീക്ഷക്കൊത്തുയരുന്നില്ല. പൊതുമിനിമം പരിപാടി നടപ്പാക്കുന്ന കാര്യത്തിൽ ഇടതുപക്ഷ കക്ഷികൾക്കല്ലാതെ മുന്നണിയിലെ മറ്റാർക്കും താത്പര്യം കാണുന്നില്ല. ജനതാദളിലെ അന്തഃച്ഛിദ്രങ്ങളും പിളർപ്പും ഒരു കൗതുകം പോലും ജനിപ്പിക്കാത്തവിധം ജുഗുപ്സാവഹമായിരിക്കുന്നു. ബി.ജെ.പി.ക്കും കോൺഗ്രസ്സിനും എതിരെ ഒരു ദേശീയ ബദൽ എന്ന ആശയത്തിലേക്ക് ദൾ നേതാക്കൾ ഒരിക്കലും എത്തിയിരുന്നില്ല. അടിമുടി അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒറ്റപ്പെട്ടതാണെങ്കിലും ഇടതുപക്ഷത്തിന്റെ ശബ്ദം മാത്രം വേറിട്ടു കേൾക്കുന്നു.

കേരളത്തിൽ ഇടതുമുന്നണി ഗവൺമെന്റ് അഭിമാനപൂർവ്വം രണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുന്നു. അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടികൾ, കർശനമായ ക്രമസമാധാനപാലനം, മാവേലിസ്റ്റോറുകളും നീതിസ്റ്റോറുകളും വഴി പൊതു വിപണിയിലെ സമർത്ഥമായ ഇടപെടൽ, വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് സത്വരമായ നടപടികൾ, വ്യവസായ രംഗത്ത് പുതിയ സമീപനങ്ങൾ, സർവ്വോപരി ജനകീയാസൂത്രണ പദ്ധതിയിലൂടെ അധികാരം അതിന്റെ യഥാർത്ഥ അവകാശികളായ ജനങ്ങൾക്ക് നൽകാനുള്ള കർമ്മ പരിപാടികൾ. കേരളത്തിലെ ഇടതുമുന്നണി ഗവൺമെന്റ് ലോകത്തിനു തന്നെ മാതൃകയാവുകയാണ്.

നമ്മുടെ സ്ഥാപനത്തിലെ സ്ഥിതിയും വിലയിരുത്തേണ്ടത് തന്നെ. കമ്പനി നേതൃത്വത്തിന്റെ പക്വതയില്ലായ്മയും പരിചയക്കുറവും എല്ലാ രംഗങ്ങളിലും പ്രകടമാണ്. ജീവനക്കാരുടെ പ്രശ്നങ്ങളിൽ തികഞ്ഞ അലംഭാവമാണ് മാനേജ്മെന്റ് പ്രകടിപ്പിക്കുന്നത്. സ്ഥലംമാറ്റങ്ങളും പ്രമോഷനുകളും വളരെ വൈകിയാണ് നൽകപ്പെടുന്നത്. അനാവശ്യച്ചെലവുകൾ ധാരാളം ക്ഷണിച്ചുവരുത്തുന്നു. സ്ഥാപനത്തിന്റെ ഭരണം നിർവ്വഹിക്കുവാൻ മേലധികാരികൾക്ക് സമയം ലഭിക്കുന്നില്ല. മാനേജിംഗ് ഡയറക്ടർക്ക് ഹെഡ് ഓഫീസ് കേന്ദ്രീകരിച്ചിരുന്നുകൊണ്ട് ഭരണകാര്യങ്ങൾ നടത്താൻ പറ്റാത്ത അവസ്ഥ മാറിയേതീരൂ. പുതിയതായി നിയമിക്കപ്പെട്ട മാനേജർമാർ ബ്രാഞ്ചുതുടങ്ങുവാൻ സ്ഥലം ലഭിക്കാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്നു. മേലധികാരികൾ എസ്.എസ്.എൽ.സി. റാങ്കുജേതാക്കളേയും തേടി തലയുന്നു. യഥാർത്ഥത്തിൽ നഷ്ടമായിപ്പോകുന്നത് സ്ഥാപനത്തിന്റെ സൽപ്പേരാണ്. ബ്രാഞ്ചുകളിൽ മാനേജർമാർ 'ഭൂമിനോക്കലും' ജോലിത്തിരക്കും മൂലം പൊറുതിമുട്ടുമ്പോൾ അവർ മാർക്കറ്റ് സർവ്വേകൂടി നടത്തണമെന്ന മണ്ടത്തരം എഴുന്നള്ളിക്കുന്നത് ഒരു മാനേജ്മെന്റിനും ഭൂഷണമല്ല. സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി ആവശ്യമായ തീരുമാനങ്ങളും സത്വരനടപടികളും ഉണ്ടാകുന്ന തലത്തിലേക്ക് മാനേജ്മെന്റ് ഉയരേണ്ടതുണ്ട്. മാനേജ്മെന്റിനെ അതിനു സന്നദ്ധമാക്കുന്ന അവസ്ഥയിലേക്ക് കൊണ്ടുവരുന്നതിന് ജാഗ്രതയോടുകൂടിയ സംഘടനാ പ്രവർത്തനം മുന്നോട്ടു കൊണ്ട് പോകണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

തൃശൂർ
ആഗസ്റ്റ് 1

അഭിവാദനങ്ങളോടെ,
ജി. തോമസ്പണിക്കർ

ഒന്നാം പേജിൽ നിന്ന്

ധികൾ മുൻകൂട്ടിത്തന്നെ എത്തിച്ചേർന്നിരുന്നു. നെഹ്റു ഇന്റർനാഷ്ണൽ സ്റ്റേഡിയത്തിൽ തന്നെയുള്ള വിവിധ ഫ്ളാറ്റുകളിലാണ് പ്രതിനിധികൾക്ക് താമസസൗകര്യം ഏർപ്പെടുത്തിയിരുന്നത്. അവർക്ക് ഭക്ഷണനൽകുന്നതിനുള്ള സംവിധാനവും സ്റ്റേഡിയത്തിനകത്തു തന്നെ ഏർപ്പാട് ചെയ്തിരുന്നു. ദക്ഷിണേന്ത്യനും ഉത്തരേന്ത്യനും ആയി രണ്ടുതരത്തിലുള്ള ഭക്ഷണം പ്രതിനിധികൾക്ക് നൽകിയിരുന്നു. പ്രതിനിധികളും സൗഹാർദ്ദ പ്രതിനിധികളും മറ്റുമായി വിവിധഭാഷകളും സംസ്ക്കാരങ്ങളുമുള്ള 3000 ത്തോളം പേരുടെ ഒരാഴ്ചത്തെ കൂട്ടായ്മ തന്നെ വലിയൊരനുഭവമായിരുന്നു. അതിനു ഹരം പകരുവാൻ വൈകുന്നേരങ്ങളിൽ കലാപരിപാടികളുമുണ്ടായിരുന്നു. താമസസൗകര്യങ്ങളിലോ ഭക്ഷണസംവിധാനങ്ങളിലോ യാതൊരാർഭാടവും ഇല്ലായിരുന്നു. അതിൽ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും വന്ന പ്രതിനിധികൾ തികച്ചും തൃപ്തരായിരുന്നു എന്നത് പത്രക്കാരെ പോലും അത്ഭുതപ്പെടുത്തി.

ഏപ്രിൽ 21 –ാം തിയ്യതി 2.30 ന് സഃ ഇ.ബാലാനന്ദന്റെ അദ്ധ്യക്ഷതയിൽ പ്രതിനിധി സമ്മേളനം ആരംഭിച്ചു. സ്വാഗതസംഘം ചെയർമാൻ സഃ എം.എം.ലോറൻസ് സ്വാഗതം ആശംസിച്ചു. തുടർന്ന് സഃഇ.ബാലാനന്ദൻ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സാർവ്വദേശീയ – ദേശീയ രംഗങ്ങളിലെ സ്ഥിതിവിശേഷങ്ങളും അതിൽ തൊഴിലാളിവർഗ്ഗത്തിന്റെ പങ്കും, ചുമതലയും വിശദീകരിച്ചു. ഭരണവർഗ്ഗത്തിന്റെ തെറ്റായ നയങ്ങൾക്കെതിരെ ഇന്ത്യൻതൊഴിലാളി വർഗ്ഗത്തെ യോജിച്ചണിനിരത്തുന്നതിൽ സി.ഐ.ടി.യു. വഹിച്ചപങ്കും അതിന്റെ പ്രാധാന്യവും ഊന്നിപ്പറഞ്ഞു. ഈ 'ചുമതല ഉത്തരവാദിത്വത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകുവാൻ അദ്ദേഹം പ്രതിനിധികളെ ആഹ്വാനം ചെയ്തു. തുടർന്ന് വിവിധ കേന്ദ്രട്രേഡ് യൂണിയൻ സംഘടനാ പ്രതിനിധികൾ സമ്മേളനത്തെ അഭിവാദ്യം ചെയ്തു. AITUC, INTUC, HMS,UTUC (LS), BMS എന്നീ സംഘടനകളുടെ പ്രതിനിധികൾ ട്രേഡ് യൂണിയനുകളുടെ പരമാവധി ഐക്യം ഊട്ടി ഉറപ്പിക്കുന്നതിന്റേയും യോജിച്ച സമരത്തിന്റേയും ആവശ്യകത ഊന്നിപ്പറഞ്ഞു, അതിൽ സി.ഐ.ടി.യു. വഹിച്ചുവരുന്ന പങ്കിനെ അഭിനന്ദിച്ചു. ഐ.എൻ.ടി.യു.സി.യും ബി.എം.എസും ഉൾപ്പെടെയുള്ള ഒരു കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനയും 'പുത്തൻ സാമ്പത്തിക നയത്തെ' പൂർണ്ണമായി പിൻതുണയ്ക്കാൻ ഒരുക്കമല്ല എന്ന് വ്യക്തമാക്കി.

ഉദ്ഘാടന സമ്മേളനത്തിന് ശേഷം വൈകീട്ട് 6.30ന് ജനറൽസെക്രട്ടറി സഃഎൻ.കെ.പത്മനാഭൻ റിപ്പോർട്ട് അവതരിപ്പിച്ചു. 8–ാം ദേശീയ സമ്മേളനത്തിന് ശേഷം ദേശീയ തലത്തിലും സാർവ്വദേശീയ തലത്തിലും ഉണ്ടായ സംഭവവികാസങ്ങളും അതിൽ സി.ഐ.ടി.യു. വഹിച്ച പങ്കും

സ:പന്ഥെ വിശദീകരിച്ചു. ബഹുരാഷ്ട്രകുത്തകളുടെ ഭീമാകാരമായ വളർച്ചയും WTO യുടെ നടപടികളും രാഷ്ട്രങ്ങളുടെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റവും ജനറൽ സെക്രട്ടറി വിവരിച്ചു. ലോക മുതലാളിത്തം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയും അതിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്ന രൂക്ഷമായ പ്രശ്നങ്ങൾക്കെതിരെ ലോകത്തൊട്ടാകെയും പ്രത്യേകിച്ച് വികസിതമുതലാളിത്ത രാജ്യങ്ങളിൽ ഉയർന്നു വരുന്ന വമ്പിച്ച തൊഴിലാളി സമരങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി. സാമൂഹിക സുരക്ഷിതത്വ നടപടികൾ വെട്ടിച്ചുരുക്കുന്നതിനെതിരെ 50 ലക്ഷത്തിൽപ്പരം ഫ്രഞ്ചു തൊഴിലാളികൾ ആഴ്ചകളോളം നടത്തിയ ധീരോദാത്തമായ സമരവും ജർമ്മനി, ഇറ്റലി, ബ്രസീൽ, ജപ്പാൻ, ആസ്ത്രേലിയ, തെക്കൻകൊറിയ എന്നീ രാജ്യങ്ങളിലെ തൊഴിലാളികൾ നടത്തിയ സമരങ്ങളും ഉദാഹരണങ്ങളാണ്. റഷ്യയുൾപ്പെടെയുള്ള മുൻസോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിൽ മുതലാളിത്ത സാമ്പത്തിക ക്രമം കെട്ടിപ്പടുക്കുന്നതിന് ഏറ്റിരിക്കുന്ന കനത്ത തിരിച്ചടിയും തന്മൂലം ആ രാജ്യങ്ങളുടെ സമ്പത്ത് ഘടന നേരിടുന്ന തകർച്ചയും അതിനെതിരെ ഉയർത്തെഴുന്നേൽക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ആവേശകരമായ ചിത്രവും സ:പന്ഥെ വരച്ചുകാട്ടി.

1991 മുതൽ നടപ്പിലാക്കി വരുന്ന 'പുത്തൻ സാമ്പത്തിക നയം' ഇന്ത്യൻ സമ്പദ് ഘടനയിൽ സൃഷ്ടിച്ചിരിക്കുന്ന പ്രശ്നങ്ങളും അതിനെതിരെ സി.ഐ.ടി.യു. വിന്റെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങളുടേയും മറ്റും ഫലമായി ഇന്ത്യൻ ജനതയിലുണ്ടായ മാറ്റം 1996 ലെ പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അധികാരത്തിൽ നിന്നും നിഷ്ക്കാസനം ചെയ്യപ്പെടുന്നതിനും ഇടയാക്കിയ രാഷ്ട്രീയ സാഹചര്യം ജനറൽ സെക്രട്ടറി വിവരിച്ചു. കോൺഗ്രസ്സിനെയും ബി.ജെ.പി.യെയും അധികാരത്തിൽ നിന്നും മാറ്റി നിർത്തുന്നതിന് ഇടതുപക്ഷം നിർണ്ണായകമായ പങ്കുവഹിച്ചു. പകരം അധികാരത്തിൽ വന്ന ഐക്യമുന്നണി ഗവൺമെന്റും കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങൾ തന്നെയാണ് തുടരുന്നതെന്നും അതിനെതിരായ പോരാട്ടം ഇനിയും മുമ്പോട്ടു കൊണ്ടുപോകേണ്ടതുണ്ടെന്നും അദ്ദേഹം പ്രതിനിധികളെ ഓർമ്മപ്പെടുത്തി.

സി.ഐ.ടി.യു.വിന് ഇന്നു നേടാൻ കഴിഞ്ഞിട്ടുള്ള യശസ്സും സ്വാധീനവും പൂർണ്ണമായി സംഘടനാശക്തിയിൽ പ്രതിഫലിച്ചു കാണുന്നില്ല. എല്ലാ സംസ്ഥാനങ്ങളിലും സംഘടനയ്ക്ക് ഘടകങ്ങളുണ്ടെങ്കിലും ഉത്തരേന്ത്യയിലും മദ്ധ്യേന്ത്യയിലും സംഘടന ദുർബ്ബലമാണ്. അത് മാറ്റിയെടുക്കേണ്ടത് അത്യാവശ്യമാണ്. സംഘടനാ ദൗർബ്ബല്ല്യങ്ങൾ പരിഹരിച്ച് സി.ഐ.ടി.യു. വിനെ ശക്തിപ്പെടുത്തുന്നതിനും ഭരണവർഗ്ഗത്തിന്റെ തൊഴിലാളിദ്രോഹ, ജനദ്രോഹ നയങ്ങൾക്കെതിരെ ജനങ്ങളെയാകെ അണിനിരത്തി നയങ്ങൾ തിരുത്തിക്കുന്നതിനുള്ള ബൃഹത്തായ സമരങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ആഹ്വാനം ചെയ്തുകൊണ്ട് ജനറൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചു.

തുടർന്ന് വിദേശ പ്രതിനിധികളെ സമ്മേളനത്തിന് പരിചയപ്പെടുത്തി. റഷ്യ, ചൈന, ജപ്പാൻ, ഫ്രാൻസ്, ഇറ്റലി, തെക്കെ ആഫ്രിക്ക, ഉസ്ബെക്കിസ്ഥാൻ, കസാക്കിസ്ഥാൻ; വിയറ്റ്നാം, നേപ്പാൾ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളും ഐ.എൽ.ഒ.യുടെ ഒരു ഡയറക്ടറും സാർവ്വദേശീയ എഞ്ചിനീയറിംഗ് തൊഴിലാളി സംഘടനയുടെ പ്രതിനിധിയും ഇതിലുൾപ്പെട്ടിരുന്നു. അവർ സമ്മേളനത്തിന് അഭിവാദ്യങ്ങളർപ്പിച്ചു. ഇന്ത്യയിലെ ക്യൂബൻ അംബാസഡർ സമ്മേളനത്തിൽ പങ്കെടുത്തത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടം ക്യൂബ കൂടുതൽ ശക്തമായി മുമ്പോട്ടു കൊണ്ടുപോകുമെന്ന് അവർ വ്യക്തമാക്കി. സി.ഐ.ടി.യു. വിന്റെ നേതൃത്വത്തിൽ ഭക്ഷ്യസാധനങ്ങൾ എത്തിക്കലുൾപ്പെടെ നടത്തിയ ഐക്യദാർഢ്യ പ്രവർത്തനങ്ങൾ അവർ നന്ദിപൂർവ്വം സ്മരിച്ചു. വിദേശ പ്രതിനിധികളെല്ലാം തന്നെ ബഹുരാഷ്ട്ര കുത്തകളുടെ വളർച്ചയേയും സാമ്രാജ്യത്വത്തിന്റെ ചൂഷണതന്ത്രങ്ങളേയും പൊളിച്ചു കാട്ടി. അതിനെ നേരിടാൻ തൊഴിലാളി വർഗ്ഗസാർവ്വദേശീയ ബന്ധങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് അഭിപ്രായപ്പെട്ടു.

സമ്മേളനത്തിന്റെ രണ്ടും മൂന്നും ദിവസങ്ങളിൽ ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ ചർച്ച നടന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ തങ്ങളുടെ സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ വിവരിച്ചു കൊണ്ട് തൊഴിലാളി വർഗ്ഗ ഐക്യം ഊട്ടിയുറപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. റിപ്പോർട്ടിന്മേലുള്ള ചർച്ച കരുത്തുറ്റതും ഗൗരവമേറിയതുമായിരുന്നു. മൂന്നാം ദിവസം വൈകിട്ട് 'ട്രേഡ് യൂണിയൻ ഐക്യം' എന്ന വിഷയത്തെ അധികരിച്ച് സെമിനാർ നടന്നു. സി.ഐ.ടി.യു. ജന.സെക്രട്ടറി സ:എം.കെ.പന്ഥെ വിഷയം അവതരിപ്പിച്ചു. എ.ബി.ബർദ്ദൻ (AITUC) ശ്രീ. തമ്പാൻ തോമസ് (H.M.S.) ശ്രീ. വി.പി.മരയ്ക്കാർ (INTUC) എന്നിവർ ചർച്ചയിൽ പങ്കെടുത്തു. എല്ലാവരും ട്രേഡ് യൂണിയൻ ഐക്യത്തിന്റെ പ്രാധാന്യം എടുത്തു പറഞ്ഞു. നാലാം ദേശീയ സമ്മേളനത്തിൽ സ:ബി. ടി. രണദിവെ മുന്നോട്ടുവച്ച "കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ്" എന്ന ആശയത്തിന് സാർവത്രികമായ അംഗീകാരം ലഭിച്ചതായിരുന്നു. ഈ സെമിനാറിന്റെ പ്രാധാന്യം. സ്ഥിരമായി ഒരു ഐക്യസംവിധാനം ഉണ്ടാകേണ്ടത് ആവശ്യമാണ് എന്ന ധാരണ ഉരുത്തിരിഞ്ഞു വന്നു. അതിന്റെ പ്രായോഗിക രൂപം നിർണ്ണയിക്കുന്നതിനും ഐക്യത്തിനാധാരമായ പൊതുസമീപനങ്ങൾ കണ്ടെത്തുന്നതിനും പ്രധാന കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികൾ ഒരുമിച്ചു ചേരണമെന്നും ധാരണയിലെത്തി. ഇത് ഒമ്പതാം ദേശീയ സമ്മേളനത്തിന്റെ ഏറ്റവും വലിയ നേട്ടമാണ്.

ഏപ്രിൽ 24-ാം തിയ്യതി സമ്മേളനം ആറു കമ്മീഷനുകളായി പിരിഞ്ഞ് ആറ് വിവിധ വിഷയങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. ഈ രൂപത്തിൽ ചർച്ച സംഘടിപ്പിക്കുന്ന രീതി പാറ്റ്നയിൽ വച്ചു നടന്ന എട്ടാം ദേശീയ സമ്മേളനത്തിലാണ് ആരംഭിച്ചത്. അത് കൂടുതൽ പ്രയോജനപ്രദമാണെന്ന് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഈ സമ്മേളനത്തിലും തുടർന്നു. താഴെപ്പറയുന്ന പ്രധാനപ്പെട്ട ആറു വിഷയങ്ങളെക്കുറിച്ചാണ് കമ്മീഷൻ ചേർന്നത്.

1. സാമ്രാജ്യത്ത ആക്രമണവും ലോക ട്രേഡ് യൂണിയൻ പ്രസ്ഥാനവും.
2. മിനിമം വേജ് സംബന്ധിച്ച നയം.
3. ഘടനാപരമായ പുനഃസംവിധാനം ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിലും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലും ഉണ്ടാക്കിയിരിക്കുന്ന ആഘാതം.
4. ജനാധിപത്യപരമായ ട്രേഡ് യൂണിയൻ പ്രവർത്തനം.
5. ആരോഗ്യം, സുരക്ഷിതത്വം, പരിസ്ഥിതി.
6. സാങ്കേതിക മുന്നേറ്റം തൊഴിലാളി വർഗ്ഗത്തിന്റെ ഘടനയിലും സ്വഭാവത്തിലും വരുത്തിയിരിക്കുന്ന മാറ്റം.

ഓരോ വിഷയത്തെ സംബന്ധിച്ചും അഖിലേന്ത്യാ സെക്രട്ടറിയറ്റ് തയ്യാറാക്കിയ കരടു രേഖ പ്രതിനിധികൾക്ക് മുൻകൂട്ടി നൽകിയിരുന്നു. വിവിധ കമ്മീഷൻ യോഗങ്ങളിൽ സഖാക്കൾ ഇ.ബാലാനന്ദൻ, പി.കെ.ഗാംഗുലി, തപൻസെൻ, കെ. ബാനർജി, പി. കെ. ദാസ്, സുകുമോൾസെൻ എന്നിവർ രേഖകൾ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം റിപ്പോർട്ടുകൾക്ക് അവസാന രൂപം നൽകി. അഞ്ച് കമ്മീഷൻ റിപ്പോർട്ടുകൾ 25-ാം തിയ്യതി പൊതുകോൺഫറൻസിലവതരിപ്പിച്ചു. "ജനാധിപത്യപരമായ ട്രേഡ് യൂണിയൻ പ്രവർത്തനം" എന്ന വിഷയത്തിന്റെ റിപ്പോർട്ട് പൂർണ്ണമാക്കാൻ കഴിയാത്തതിനാൽ പുതിയ വർക്കിംഗ് കമ്മിറ്റിക്കു വിട്ടു. മറ്റ് അഞ്ചു റിപ്പോർട്ടുകളും സമ്മേളനം അംഗീകരിച്ചു. അവ തുടർന്ന് പ്രസിദ്ധീകരിക്കപ്പെടും. 25-ാം തിയ്യതി ജനസെക്രട്ടറി രണ്ടു ദിവസങ്ങളിലായി നടന്ന ചർച്ചയ്ക്ക് വിശദമായ മറുപടി നൽകി. സൃഷ്ടിപരമായ വിമർശനങ്ങളെ സ്വീകരിക്കുകയും വികലമായ ധാരണകൾ മൂലമുണ്ടായ വിമർശനങ്ങളെ വിശദീകരണത്തോടെ തള്ളിക്കളയുകയും ചെയ്തു.

സമ്മേളനത്തിന്റെ വിവിധ ദിവസങ്ങളിലായി പ്രാധാന്യമേറിയ നിരവധി പ്രമേയങ്ങൾ അംഗീകരിക്കപ്പെട്ടു. വിലക്കയറ്റത്തിനെതിരായ പ്രമേയം ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു. ബോണസ് പരിധി നീക്കം ചെയ്യുക രഹസ്യബാലറ്റിലൂടെ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുക, ഇ.എസ്.ഐ.സ്കീമിന്റെ അപാകതകൾ പരിഹരിക്കുക, ഇൻഷ്വറൻസ് സ്വകാര്യവൽകരണം ഉപേക്ഷി

ഒന്നാം പേജിൽ നിന്ന്

ഇവർ നടത്തിയ പ്രസംഗങ്ങൾ പ്രതിനിധികൾക്ക് ആവേശം പകർന്നു. പ്രൊഫ.എം. മുരളീധരൻ ചടങ്ങിന് സ്വാഗതം പറഞ്ഞു. ജോ.സെക്രട്ടറി.കെ.കെ. സാബു നന്ദി പ്രകാശിപ്പിച്ച തോടുകൂടി ഉദ്ഘാടന സമ്മേളനം പര്യവസാനിച്ചു.

ഉച്ചയ്ക്ക് ശേഷം പുത്തൻ സാമ്പത്തിക നയങ്ങളും തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികളും എന്ന സെമിനാർ നടന്നു. CITU അഖിലേന്ത്യ സെക്രട്ടറി സ. വി.ബി.ചെറിയാൻ വിഷയം അവതരിപ്പിച്ചു കൊണ്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. CITU അഖിലേന്ത്യാ വർകിംഗ് കമ്മിറ്റി അംഗം സ:സി.ഒ.പൗലോസ് മാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. ഇന്നത്തെ ലോകക്രമത്തിൽ തൊഴിലാളികൾക്ക് കൂടുതൽ വെല്ലുവിളികൾ നേരിടേണ്ടി വരുന്നു. മുമ്പ് ദേശീയ കുത്തകകൾക്കെതിരായ പോരാട്ടമാണ് സംഘടിപ്പിച്ചിരുന്നതെങ്കിൽ ഇന്ന് നിലനിൽപ്പിനായി ബഹുരാഷ്ട്രകുത്തകകളുമായി പോരടിക്കേണ്ടിവരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ കമ്പോളത്തിന്റെ ആഗോളവത്കരണം സാർവ്വദേശീയ തൊഴിലാളികളുടെ ആശയവിനിമയത്തിന് വഴിതെളിയിക്കുന്നു. മൾട്ടി നാഷ്നൽ കോർപ്പറേഷനുകൾ ഇന്ന് തൊഴിൽ നൽകുന്നത് സ്ഥിരമായ വ്യവസ്ഥകളിലല്ല, കരാറടിസ്ഥാനത്തിലാണ്. കരാർ ജോലിക്കെതിരായ പോരാട്ടം സംഘടിപ്പിക്കലാണ് തൊഴിലാളിവർഗ്ഗത്തിന്റെ കടമ. ഇന്ത്യൻ തൊഴിലാളിവർഗ്ഗം ഈ വെല്ലുവിളി ഏറ്റെടുത്തു മുമ്പോട്ടു പോകണമെന്ന് സ:വി.ബി.ചെറിയാൻ ആഹ്വാനം ചെയ്തു. തുടർന്ന് AITUC സംസ്ഥാന പ്രസിഡണ്ട് സ:പി.ഭാസ്കരൻ, INTUC അഖിലേന്ത്യാ സെക്രട്ടറി ശ്രീ.വി.പി. മരയ്ക്കാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു കൊണ്ട് പ്രസംഗിച്ചു.

വൈകീട്ട് സാംസ്കാരിക സമ്മേളനം പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ.ലെനിൻ രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ സർവ്വ വിജ്ഞാന കോശം ഡയറക്ടർ പ്രൊഫ.വി.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. ശ്രീ.വി.പി. വാസുദേവൻ മുഖ്യപ്രഭാഷണം നടത്തി. വർഗ്ഗീയ ഫാസിസത്തേക്കാൾ വലിയ ഭീഷണി സാംസ്ക്കാരിക ഫാസിസമാണെന്ന് അദ്ദേഹം പറഞ്ഞു.

രാത്രി 9 മണിക്ക് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ പ്രതിനിധി സമ്മേളനം ചേർന്ന് ജനറൽ സെക്രട്ടറി പ്രവർത്തനറിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചതോടെ ഒന്നാം ദിവസത്തെ സമ്മേളനം അവസാനിച്ചു.

ഏപ്രിൽ 13ന് രാവിലെ 10 മണിക്ക് പ്രതിനിധിസമ്മേളനം വീണ്ടും ചേർന്നു. കൃത്യാന്തര ബാഹുല്യം മൂലം ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുവാൻ കഴിയാതെ പോയ സംസ്ഥാന ധനമന്ത്രി സ: ടി.ശിവദാസമേനോൻ സമ്മേളനത്തെ അഭിവാദ്യം ചെയ്തു പ്രസംഗിച്ചു. സംസ്ഥാന ദേശീയ ആനുകാലിക രാഷ്ട്രീയ സാഹചര്യങ്ങൾ വിവരിച്ചുകൊണ്ടുള്ള വിജ്ഞാനപ്രദവും സരസവുമായ അദ്ദേഹത്തിന്റെ പ്രസംഗം പ്രതിനിധികളെ ആവേശഭരിതരാക്കി. പ്രവർത്തനറിപ്പോർട്ടിനും വരവുചെലവു കണക്കുകൾക്കും ജില്ലകളിൽ നിന്നുണ്ടായ ചർച്ചകൾക്ക് ജനറൽ സെക്രട്ടറിയും ട്രഷററും നടത്തിയ വിശദീകരണത്തോടെ വാർഷികറിപ്പോർട്ടും വരവു ചെലവു കണക്കുകളും അംഗീകരിച്ചു.

പുതിയ ഭാരവാഹികളായി സഖാക്കൾ CBC വാര്യർ (പ്രസിഡണ്ട്), കെ.പി. കൃഷ്ണൻ, എസ്.എം.ജോസഫ് (വൈ.പ്രസിഡണ്ടുമാർ), ജി.തോമസ്പണിക്കർ (ജന.സെക്രട്ടറി), എസ്.ഗിരീഷ്കുമാർ, കെ.കെ.സാബു. (ജോ.സെക്രട്ടറിമാർ), കെ.വി.രാധാകൃഷ്ണൻ (ട്രഷറർ), വിജയ്മാധവൻ, കെ.വിജയൻ, എസ്.വേണുഗോപാലപിള്ള, എസ്.എം.രാജൻ, ജി. സന്തോഷ്കുമാർ, ബി.കോയക്കുട്ടി, ടി. എൽ. വേണുഗോപാലൻ, എസ്.അശോകുമാർ, എൻ.കെ.വീരാസ്, എം.പദ്മകുമാർ (കമ്മിറ്റിയംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

മൊത്തം പങ്കെടുക്കേണ്ട 243 പ്രതിനിധികളിൽ 200 പേരാണ് സമ്മേളനത്തിൽ പങ്കെടുത്തത്. സമ്മേളനത്തിന്റെ വിജയത്തിനായി സ:സി.ഒ.പൗലോസ്മാസ്റ്റർ ചെയർമാനായുള്ള സ്വാഗതസംഘവും, വർഗ്ഗ ബഹുജന സംഘടനാ പ്രവർത്തകരും KSFE ഓഫീസേഴ്സ് യൂണിയന്റെ തൃശൂർ ജില്ലയിലെ പ്രവർത്തകരും വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. ■

---

ക്കുക, തൊഴിലാളി-കർഷക ഐക്യം ഊട്ടിയുറപ്പാക്കുക തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള പ്രമേയങ്ങളും അംഗീകരിച്ചു. ദീർഘമായ ചർച്ചകൾക്കു ശേഷം അംഗീകരിക്കപ്പെട്ട മറ്റൊരു പ്രധാന പ്രമേയം പി.എഫ്.പെൻഷൻ പദ്ധതിയെക്കുറിച്ചായിരുന്നു. സി.ഐ.ടി.യു.ഉം ഇതര തൊഴിലാളി സംഘടനകളും ചൂണ്ടിക്കാണിച്ച തൊഴിലാളി ദ്രോഹവ്യവസ്ഥകൾ ഭേദഗതി ചെയ്യുകയോ നീക്കം ചെയ്യുകയോ ചെയ്യാതെയും ഓപ്ഷനുള്ള സൗകര്യം പോലും നൽകാതെയും പെൻഷൻ പദ്ധതി പാർലിമെന്റിലവതരിപ്പിച്ച് നടപ്പിലാക്കിയ ഐക്യമുന്നണി ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിക്കുകയും ഭേദഗതിയാവശ്യപ്പെടുന്നതുമായിരുന്നു പ്രമേയം. ഈ ആവശ്യം നേടിയെടുക്കുന്നതിന് മുഴുവൻ തൊഴിലാളികളും സമരരംഗത്തണിനിരക്കുവാൻ സമ്മേളനം ആഹ്വാനം ചെയ്തു. 97 ജൂലൈ മാസത്തിൽ ലക്ഷക്കണക്കിന് തൊഴിലാളികളുടെ കയ്യൊപ്പോടെ ഭീമഹർജി കേന്ദ്രഗവൺമെന്റിനും പാർലിമെന്റിനും സമർപ്പിക്കുന്നതിനും തുടർന്ന് ആവശ്യമെങ്കിൽ അഖിലേന്ത്യാ പൊതുപണിമുടക്ക് നടത്തുന്നതിനും സമ്മേളനം തീരുമാനിച്ചു.

ഏപ്രിൽ 25ന് വൈകീട്ട് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സ: ഇ.ബാലാനന്ദൻ പ്രസിഡണ്ടായും, സ:പന്ഥേ ജന.സെക്രട്ടറിയായും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ 36 പേരടങ്ങുന്ന സെക്രട്ടറിയറ്റും 482 പേരടങ്ങുന്ന ജനറൽ കൗൺസിലും ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ജനറൽ കൗൺസിൽ കൂടി വർക്കിംഗ് കമ്മിറ്റിയെ തിരഞ്ഞെടുത്തു.

ഏപ്രിൽ 26ന് എറണാകുളം ജില്ലയിലെ പ്രവർത്തകർ മാത്രം അണിനിരന്നു കൊണ്ട് പടുകൂറ്റൻ പ്രകടനം നടന്നു. തുടർന്ന് സ:ടി.എം.മുഹമ്മദ് നഗറിൽ (മറൈൻ ഡ്രൈവ്) ചേർന്ന പൊതുസമ്മേളനം കേരള മുഖ്യമന്ത്രി സ:ഇ.കെ.നായനാർ ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു. അഖിലേന്ത്യാ നേതാക്കൾ പ്രസംഗിച്ചു. സമ്മേളനത്തിന്റെയും പ്രകടനത്തിന്റെയും ഗാംഭീര്യം സി.ഐ.ടി.യു.വിനോട് ശത്രുതാ മനോഭാവം പുലർത്തുന്ന മാധ്യമങ്ങൾ പോലും അംഗീകരിച്ചു.

ഒമ്പതാം ദേശീയ സമ്മേളനം സംഘടനയുടെ ചരിത്രത്തിൽ എന്തുകൊണ്ടും പ്രാധാന്യമേറിയതായിരുന്നു.ഇന്ത്യയൊട്ടാകെയുള്ള ജനങ്ങളും മാധ്യമങ്ങളും ഈ സമ്മേളനത്തെ വളരെ താല്പര്യത്തോടെ നോക്കിക്കാണുവാൻ ശ്രമിച്ചു. സമ്മേളനത്തിന്റെ അനുബന്ധപരിപാടിയായി ഏപ്രിൽ 19 മുതൽ 26 വരെ നടന്ന ശാസ്ത്രസാങ്കേതികവ്യാവസായിക പ്രദർശനമായ 'സൈറ്റെക്സ് 97' വമ്പിച്ച ജനശ്രദ്ധ പിടിച്ചുപറ്റി. കച്ചവടക്കണ്ണോടു കൂടി സംഘടിപ്പിക്കപ്പെടുന്ന സാധാരണ പ്രദർശനങ്ങളിൽ നിന്നും വ്യത്യസ്ഥമായി വ്യാവസായിക രംഗത്തുണ്ടായിട്ടുള്ള ശാസ്ത്രസാങ്കേതിക പുരോഗതിയിലേക്ക് വെളിച്ചം വീശുന്നതായിരുന്നു ഈ പ്രദർശനം. സൈറ്റെക്സ് 97ന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട സെമിനാറുകളെല്ലാം തന്നെ വിജ്ഞാനപ്രദമായിരുന്നു. വ്യാവസായിക രംഗത്തെയും ശാസ്ത്രസാങ്കേതിക രംഗങ്ങളിലെയും പ്രഗത്ഭന്മാരെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു എന്നതാണ് അതിന്റെ പ്രത്യേകത. ഈ പ്രദർശനവും സെമിനാറുകളും ബുദ്ധിജീവി വിഭാഗത്തിന്റെ ഇടയിലും CITUവിന്റെ പ്രവർത്തന ശൈലിയെപ്പറ്റി മതിപ്പുളവാക്കാൻ സഹായിച്ചു. ചുരുക്കത്തിൽ ഒരാഴ്ച നീണ്ടു നിന്ന ദേശീയ സമ്മേളനം ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ നടുനായക സ്ഥാനം എല്ലാ അർത്ഥത്തിലും CITUവിനാണെന്ന് അരക്കിട്ടുറപ്പിക്കുന്നതായിരുന്നു. ■

# FEEAയും ധർണ്ണ മുതൽ ധർണ്ണവരെ നീളുന്ന സമരാഭാസങ്ങളും

ടി.എൻ.വേണുഗോപാൽ

അധികാരത്തിൽ മാധുര്യം നഷ്ടപ്പെട്ടപ്പോഴാണ് FEEA ക്ക് ജീവനക്കാരുടെ അവകാശങ്ങളെപ്പറ്റി ബോധമുദിച്ചത്. നാടുമുടിച്ച് ഭരണം അഴിഞ്ഞാടിയിരുന്നപ്പോൾ ഇവർ അതിന് കുഴലൂതുകയായിരുന്നു. അന്നൊന്നും ജീവനക്കാരുടെ പ്രശ്നങ്ങൾ ഇവർ കാണുകയുണ്ടായില്ല. ഭരണം പോയി മറ്റൊന്നും ചെയ്യാനില്ലാതെ ചൊറിയും മാന്തിയിരുന്നപ്പോൾ സ്വന്തം അണികളെ പറ്റിക്കുവാനായി ചില പൊടിക്കൈകളുമായി രംഗത്തിറങ്ങിയിരിക്കുകയാണ് FEEAക്കാർ. ഇടതുമുന്നണി ഗവൺമെന്റിനെയും KSFESA യെയും വിമർശിക്കാനുള്ള വെപ്രാളത്തിൽ മലർന്നു കിടന്നു തുപ്പുകയാണെന്ന് ഈ വിദ്വാന്മാർ അറിയുന്നില്ല. ജൂലൈ 24ന് സെക്രട്ടറിയറ്റ് നടയിൽ കുത്തിയിരിക്കുന്നതിന് വേണ്ടി അവർ പുറത്തിറക്കിയ നോട്ടീസ് അതിനു തെളിവാണ്.

### ലീവ് സറണ്ടറും കണ്ണുകെട്ടിക്കളിയും

FEEA നേതാക്കൾ കണ്ണടച്ചിരുട്ടാക്കിയാലും യാഥാർത്ഥ്യം പകൽ വെളിച്ചം പോലെ വ്യക്തമാണ്. വെട്ടിക്കുറക്കപ്പെട്ട ലീവ് സറണ്ടറാനുകൂല്യം പുനഃസ്ഥാപിച്ചുകിട്ടാത്തതിൽ KSFESAയെ കുറ്റം പറയുവാൻ FEEAക്ക് ധാർമ്മികമായി യാതൊരവകാശവുമില്ല. കഴിഞ്ഞ UDF ഭരണകാലത്താണ് ഒരു വർഷം 45 ദിവസം വരെ ലീവ് സറണ്ടർ ചെയ്യുവാനുള്ള അവകാശം വെട്ടിക്കുറച്ച് 15 ആക്കിയത്. സംസ്ഥാനജീവനക്കാർക്ക് കേന്ദ്ര പാരിറ്റിയെന്ന 'പാര' മുൻസർക്കാർ വച്ചപ്പോഴാണ് ലീവ് സറണ്ടർ 15 ആക്കി വെട്ടിക്കുറക്കപ്പെട്ടത്. കേന്ദ്രപാരിറ്റി ബാധകമല്ലാത്ത KSFE യിലും വളരെ ധൃതിപ്പെട്ട് അത് നടപ്പിലാക്കിയതും കഴിഞ്ഞ ഭരണകാലത്താണ്. അന്ന് FEEA ക്ക് മിണ്ടാട്ടമില്ലായിരുന്നു. KSFESA ഇതിൽ ശക്തമായി പ്രതിഷേധിക്കുകയും വസ്തുതകൾ നിരത്തി KSFE യിൽ ലീവ് സറണ്ടർ പുനഃ സ്ഥാപിക്കുന്നതാണ് ഗുണകരമെന്ന് മാനേജ്മെന്റിനേയും ഗവൺമെന്റിനെയും ബോധ്യപ്പെടുത്തുകയും ചെയ്തു. അന്നത്തെ ധനമന്ത്രി FEEAക്കാരുടെ സ്വന്തം നേതാവായ ഉമ്മൻചാണ്ടിയായിരുന്നു. എന്നിട്ടും കാര്യമൊന്നുമുണ്ടായില്ല. ജീവനക്കാരുടെ പ്രതിഷേധം ശക്തമായപ്പോൾ 16.5.95 ൽ വെട്ടിക്കുറക്കപ്പെട്ട ലീവ് സറണ്ടറാനുകൂല്യം പുനഃസ്ഥാപിച്ചുകൊണ്ട് കരാറായത് അപ്പോഴത്തെ ധനമന്ത്രി പത്മരാജന്റെ സാന്നിദ്ധ്യത്തിലായിരുന്നു. അതേ മന്ത്രിതന്നെ പിന്നീട് അത് നടപ്പിലാക്കാതെ ഫയൽ കെട്ടിപൂട്ടി സെക്രട്ടറിയറ്റിലെ അട്ടത്തുവെയ്ക്കുകയും ചെയ്തു. പിന്നീട് ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ് സെക്രട്ടറിയേറ്റിലെ അട്ടത്തു പൊടിപിടിച്ചു കിടന്നിരുന്ന ആ ഫയലെടുത്ത് പുനഃപരിശോധിച്ചതും ധനമന്ത്രി ശ്രീ.ശിവദാസമേനോൻ ലീവ്സറണ്ടർ പുനഃസ്ഥാപിക്കുന്നതിന് ശുപാർശ ചെയ്തതും. എന്നാൽ സെക്രട്ടറിയേറ്റിലെ ചില ഉന്നതോദ്യോഗസ്ഥരുടെ എതിർപ്പുമൂലം ആ ഫയൽ മുഖ്യമന്ത്രിയുടെ പരിഗണനക്കായി സമർപ്പിക്കേണ്ടി വന്നു. അത് നേടിയെടുക്കുന്നതിന് KSFESA നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ലീവ്സറണ്ടർ വെട്ടിക്കുറച്ചതും, പിന്നീട് പുനഃസ്ഥാപിച്ചുകൊണ്ട് കരാറൊപ്പിട്ടതും, എന്നാൽ അത് നടപ്പിലാക്കാതിരുന്നതും FEEA ക്കാരുടെ രാഷ്ട്രീയ മേലാളരുടെ ഭരണകാലത്താണ്. അവാസ്തവ പ്രചാരണം കൊണ്ട് ചിലപ്പോൾ സ്വന്തം അണികളെ വഞ്ചിക്കുവാൻ കഴിയും. വിവേകശാലികൾ സത്യം തിരിച്ചറിയുക തന്നെ ചെയ്യും.

### H.O-RO സ്റ്റാഫ് ചട്ടങ്ങളും FEEAയും

ഹെഡ് ഓഫീസിലെയും റീജനൽ ഓഫീസുകളിലെയും സ്റ്റാഫ് ചട്ടങ്ങൾ നിശ്ചയിക്കുക എന്ന ആവശ്യത്തിന് സ്ഥാപനത്തോളം തന്നെ പഴക്കമുണ്ട്. എന്നാൽ അത് നിശ്ചയിക്കുന്നതിന് ഫലപ്രദമായ ഒരു നീക്കവും മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും അടുത്തകാലംവരെ ഉണ്ടായിട്ടില്ല. വളരെ ചെറിയ ഇടവേളകളിലൊഴികെ ഇവിടെ ഭരണം കൈയാളിയിട്ടുള്ളത് കോൺഗ്രസ്സുകാരാണ്. FEEA യുടെ ഉമ്മൻചാണ്ടിയും ആര്യാടൻ മുഹമ്മദും മുൾപ്പെടെയുള്ളവർ മന്ത്രിമാരുമായിരുന്നിട്ടുണ്ട്. എന്നിട്ടുമെന്തുകൊണ്ട് HO-RO സ്റ്റാഫ് ചട്ടങ്ങൾ നിശ്ചയിക്കപ്പെട്ടില്ല? ഉത്തരം പറയേണ്ടത് FEEAക്കാരാണ്. ഭരണത്തിന്മേലുള്ള സ്വാധീനം കൊണ്ട് എന്തും നേടാമെന്ന് വീമ്പിളക്കിയിരുന്നവർ ഇക്കാലമത്രയും എവിടെയായിരുന്നു? ഇപ്പോഴത്തെ ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ് ഇക്കാര്യത്തിൽ ആർജ്ജവത്തോടെയുള്ള സമീപനം എടുത്തിട്ടുള്ളത്. HO - RO സ്റ്റാഫ് ചട്ടങ്ങൾ ചർച്ചചെയ്ത് എത്രയും വേഗം നടപ്പിലാക്കിക്കുവാനാണ് KSFESA ശ്രമിച്ചുകൊണ്ടിരിക്കുന്നത്. HO-RO ചട്ടങ്ങൾ ഉടനെ നിശ്ചയിക്കണമെന്ന് കൂക്കിവിളിക്കുന്നവർക്ക് അതിനുള്ള നിർദ്ദേശങ്ങൾ പോലും സമർപ്പിക്കുവാനായിട്ടില്ല. അങ്ങാടിയിൽ തോറ്റാൽ അമ്മയോട് എന്ന പോലെ FEEAക്കാർ KSFESA യുടെ മേലെ കുതിര കയറുകയാണ്.

### കമ്പ്യൂട്ടർ വത്കരണവും UDF സർക്കാരും FEEA യും

നാണമില്ലാത്തവന്റെ ആസനത്തിൽ ആലുമുളച്ചാൽ അതും തണലാക്കി മാറ്റുന്നതിന് ഉത്തമോദാഹരണമാണ് FEEA ക്കാർ. KSFE യിൽ കമ്പ്യൂട്ടർ വത്കരണത്തിന് ചുവന്ന പരവതാനി വിരിച്ചത് KSFESA യാണുപോലും! FEEA ക്കാർക്ക് ബുദ്ധിഭ്രമം പിടിപെട്ടിരിക്കുകയാണ്. സ്ഥാപനത്തിൽ ആദ്യമായി കമ്പ്യൂട്ടർ വത്കരണം ഏർപ്പെടുത്തിയത് 1986 ൽ കോൺഗ്രസ്സുകാരനായ തച്ചടിപ്രഭാകരൻ ധനമന്ത്രിയായിരുന്നപ്പോഴാണെന്ന കാര്യം FEEAക്കാർ മറന്നു പോയോ? അന്ന് അതിനെ ശക്തിയുക്തം എതിർത്തതും കമ്പ്യൂട്ടർവത്കരണം ഏർപ്പെടുത്തിക്കൊണ്ടുള്ള കരാറിൽ ഒപ്പിടാത്തതുമായ ഏകസംഘടന KSFESA യാണ്. പിന്നീട് 1987 ൽ ഇടതുമുന്നണി അധികാരത്തിൽ വന്നപ്പോൾ കമ്പ്യൂട്ടർ വത്കരണം പിൻവലിപ്പിച്ചത് KSFESAയുടെ ചരിത്രത്തിലെ പൊൻതൂവൽ തന്നെയാണ്. അന്നുമുതൽ KSFE യിൽ വിവിധതസ്തികളിൽ ആയിരക്കണക്കായ തൊഴിൽ രഹിതർക്ക് ജോലിലഭിച്ചുകൊണ്ടിരിക്കുന്നത് കമ്പ്യൂട്ടർ വത്കരണത്തിനെതിരെ KSFESA മാത്രം നടത്തിയ ധീരോദാത്ത സമരത്തിന്റെ ഫലമായാണ്. കമ്പ്യൂട്ടർ വത്കരണത്തിന് ചുവന്നപരവതാനി വിരിച്ച് കരാറിൽ ഒപ്പിട്ടത് FEEA ക്കാർ സൗകര്യപൂർവ്വം വിസ്മരിച്ചതാണ്. പിന്നീട് സ്ഥാപനത്തിലെ ചിലമേഖലകളിൽ കമ്പ്യൂട്ടർവത്കരണം ഏർപ്പെടുത്തിയതും കഴിഞ്ഞ UDF ഗവൺമെന്റിന്റെ കാലത്താണ്. 16.5.95 ലെ കരാറിലൂടെ അത് നടപ്പാക്കിയപ്പോൾ കോൺഗ്രസ്സുകാരനായ പത്മരാജനായിരുന്നു ധനമന്ത്രി. ആ കരാറിന് ഗവൺമെന്റ് അനുമതി ലഭിക്കുന്നതും തുടർന്ന് കമ്പ്യൂട്ടറുകൾ വാങ്ങി ഹെഡ്ഓഫീസിലും റീജനൽ ഓഫീസുകളിലും സ്ഥാപിക്കുന്നതും 2.2.96ലാണ്. 1996 മെയ് 20ന് അധികാരമേറ്റ ഇടതുമുന്നണി ഗവൺമെന്റിനോ KSFEA ക്കോ, ഇതിൽ ഒരു പങ്കുമില്ല. യഥാർത്ഥത്തിൽ കമ്പ്യൂട്ടർവത്കരണത്തെ ചുവന്നപരവതാനിവിരിച്ച് പൂത്താലമേന്തി വരവേറ്റത് ഖദർധാരികൾ തന്നെയാണ്. എന്നിട്ടിപ്പോൾ തിരിഞ്ഞുനിന്ന് കൊഞ്ഞനം കുത്തുന്നു. അധികാരത്തിന്റെ തണൽ പോയപ്പോൾ FEEAക്കാരുടെ ബുദ്ധിയും ബോധവും മരവിച്ചുപോയിരിക്കുന്നു.

### കടലും കടലാടിയും അഥവാ FEEA യും പെൻഷൻ പദ്ധതിയും

FEEA ക്കാരുടെ വാക്കും പ്രവർത്തിയും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധം പോലുമില്ല. KSFE യിൽ പെൻഷൻ പദ്ധതി ഉടൻ നടപ്പിലാക്കണമെന്ന് വളരെ വൈകിയാണവർക്ക് തോന്നിയത്. 1994 ജനുവരിമാസത്തിൽ KSFE യുടെ രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനച്ചടങ്ങിൽ വച്ച അന്നത്തെ ധമന്ത്രിയും FEEA യുടെ പരമപൂജനീയ നേതാവുമായ ഉമ്മൻചാണ്ടി KSFE യിലെ ജീവനക്കാർക്ക് രജത ജൂബിലി സമ്മാനമായി പെൻഷൻപദ്ധതി പ്രഖ്യാപിച്ചതാണ്. അതിന് മുഖ്യമന്ത്രി കരുണാകരൻ സാക്ഷിയുമായിരുന്നു. അതുകേട്ട് FEEA ക്കാർ കയ്യടിച്ചും

കുരവയിട്ടും തലകുത്തിമറിഞ്ഞും മന്ത്രിക്ക് കീജേ വിളിച്ചു. പക്ഷെ പെൻഷൻ പദ്ധതി പ്രഖ്യാപനത്തിലൊതുങ്ങി. പിന്നീട് ഒരു പദ്ധതിമാനേജ്മെന്റ് കൊണ്ടുവന്നപ്പോഴാകട്ടെ, അത് പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങളെ കവർന്നെടുക്കുന്നതായിരുന്നു. ഇതിനെതിരെ KSFESA പ്രതിഷേധിക്കുകയും മൂന്നാം റിട്ടയർമെന്റ് ആനുകൂല്യമായി പെൻഷൻ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തപ്പോൾ അത് ആകാശകുസുമമാണെന്നും നടപ്പാക്കാൻ പറ്റാത്ത കാര്യങ്ങൾ ചോദിച്ചുകൊണ്ട് KSFESA ഉമ്മൻചാണ്ടിയുടെ പദ്ധതിയെ തുരങ്കം വക്കുകയാണെന്നും പരിഹസിക്കുകയുണ്ടായി. ഉമ്മൻചാണ്ടിയും FEEA ക്കാരും മാനേജ്മെന്റും അതും മറന്നുപോയി. അങ്ങനെയിരിക്കെ നരസിംഹറാവു ഗവൺമെന്റ് EPF പെൻഷൻ പദ്ധതി 16.11.95 മുതൽ തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിച്ചു. ഇത് തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടിനെ പച്ചയായി പിടിച്ചുപറിക്കുന്ന പദ്ധതിയായിരുന്നു. ഈ പദ്ധതിയെ എതിർക്കാനും അതിന്റെ ചതി തൊഴിലാളികളെ തുറന്നുകാണിക്കാനും CITU മാത്രമെ ഉണ്ടായിരുന്നുള്ളു. കോൺഗ്രസ് നേതാക്കളും FEEA ക്കാരും ആദ്യമൊക്കെ EPF പെൻഷൻ പദ്ധതിയെ പാടിപുകഴ്ത്തി നടന്നു. EPF പെൻഷൻ പദ്ധതി പാർലിമെന്റിലവതരിപ്പിച്ച് നിയമമാക്കിയപ്പോൾ അതിനെ എതിർത്ത് വോട്ടു ചെയ്തത് CPI (M) ഉം RSP യും മാത്രമായിരുന്നു. എന്നാൽ EPF പെൻഷൻ പദ്ധതി തികച്ചും തട്ടിപ്പാണെന്ന് വൈകിയെങ്കിലും FEEA ക്കാർക്ക് മനസ്സിലായി. ഉമ്മൻചാണ്ടി 1994 ൽ പ്രഖ്യാപിച്ച പെൻഷൻ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയിരുന്നു എങ്കിൽ EPF പെൻഷൻ എന്ന ചതിക്കുഴിയിൽ നമ്മൾ പെട്ടുപോവില്ലായിരുന്നു. KSFE യിൽ പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സബ്കമ്മിറ്റിയുടെ പേരിൽ മാനേജ്മെന്റിന് സമർപ്പിച്ചിരിക്കുന്നത് KSFESA തയ്യാറാക്കിയ പദ്ധതിയാണ്. "ആകാശകുസുമ"ക്കാർക്ക് അതിൽ കാര്യമായ പങ്കൊന്നുമില്ല. അത് മാനേജ്മെന്റും ഗവൺമെന്റും അംഗീകരിക്കുകയും കേന്ദ്രപെൻഷൻ പദ്ധതിയിൽ നിന്ന് വിടുതൽ നേടേണ്ടിയുമിരിക്കുന്നു. നമ്മളെ ഈ പതനത്തിലെത്തിച്ചത് കോൺഗ്രസ് ഗവൺമെന്റുകളാണ്.

**നേരിട്ടുള്ള നിയമനവും FEEA യുടെ കരണം മറിച്ചിലും**

നേരിട്ടുള്ള എല്ലാനിയമനങ്ങൾക്കും KSFESA എതിരാണ്. മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും അതിനുള്ള ശ്രമമുണ്ടായപ്പോൾ തന്നെ KSFEOU വുമായി ചേർന്ന് അത് തടയുന്നതിന് KSFESA ക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ FEEA യുടെ കരണം മറിച്ചിലാണ് കൗതുകം ജനിപ്പിക്കുന്നത്. കഴിഞ്ഞ UDF ഭരണകാലത്ത് 10 സീനിയർ മാനേജർമാരെ കമ്പനിയിൽ നേരിട്ട് വാഴിച്ചപ്പോൾ FEEA ക്കാർ എവിടെയായിരുന്നു? ആ കൈക്കൂലി നിയമനത്തിൽ ധനമന്ത്രി ഉമ്മൻചാണ്ടിക്കുവരെ പങ്കുണ്ടെന്ന് ആരോപിച്ചത് FEEA ക്കാരുടെ മൂത്തവരായ KSFEOA യുടെ നേതാക്കളാണ്. . അതിനെതിരെ KSFESA യും KSFEOU വും സമരം സംഘടിപ്പിച്ചപ്പോൾ നിവൃത്തിയില്ലാതായപ്പോഴാണ് FEEA ക്കാർ അതിൽ പങ്കെടുത്തത്. അന്ന് ഐക്യസമരസമിതിയുണ്ടാക്കിയപ്പോൾ അതിലെ 'സമരസമിതി' എന്ന വാക്കുമാറ്റി ഐക്യവേദി എന്നാക്കണമെന്ന് ആവശ്യപ്പെട്ടവർ അന്നത്തെ പണിമുടക്കിന് നേതൃത്വം നൽകി എന്നു പറഞ്ഞാൽ സ്വന്തം അണികൾ പോലും വിശ്വസിക്കില്ല. സമരം എന്നുച്ചരിക്കാൻ പോലും ധൈര്യമില്ലാത്തവർ പണിമുടക്കിന് നേതൃത്വം നൽകുന്നതെങ്ങനെ ആരാന്റെ ഗർഭത്തിന് ഉത്തരവാദിത്ത മേറ്റെടുക്കുന്നത് ഷണ്ഡത്വമാണ്. അന്ന് സീനിയർ മാനേജർമാരെ നേരിട്ട് നിയമിക്കുന്നതിന് ഒത്താശ ചെയ്തവർ ഇന്ന് നടപ്പാക്കാത്ത കാര്യത്തിനെതിരെ ഹാലിളക്കുന്നത് അണികളെ വഞ്ചിക്കുവാനായിരിക്കും.

**ധർണ്ണ മുതൽ ധർണ്ണവരെ നീളുന്ന സമരാഭാസങ്ങൾ**

സമരം ചെയ്യുന്നത് എങ്ങനെയാണെന്നു പോലും FEEA ക്കാർക്ക് അറിയില്ല. ആവശ്യമുന്നയിക്കുക, നിവേദനം കൊടുക്കുക, ആവകാശദിനമാചരിക്കുക, സൂചനാധർണ്ണ നടത്തുക, സൂചനാപണിമുടക്കം നടത്തുക, എന്നിട്ടും പരിഹാരമായില്ലെങ്കിൽ അനിശ്ചിതകാല പണിമുടക്കും മറ്റും നടത്തുക എന്നിങ്ങനെയാണ് സമരത്തിന്റെ രീതി. പക്ഷേ FEEA ക്കാരുടെ സമരപരിപാടികളെല്ലാം തലതിരിഞ്ഞരീതിയിലാണ്. ആദ്യം ധർണ്ണനടത്തുക, അതിനുശേഷം ആവശ്യങ്ങളുന്നയിക്കുക. പിന്നെയും ധർണ്ണ, അതിനു ശേഷം അവകാശദിനവാരാചരണങ്ങൾ - പിന്നെയും ധർണ്ണ - പിന്നെ ഉണ്ണാവ്രതം - പിന്നെയും കൂട്ടധർണ്ണ. അങ്ങനെ ധർണ്ണമുതൽ ധർണ്ണവരെ നീളുന്ന ഗംഭീര പ്രക്ഷോഭ കലാപരിപാടികൾ FEEA ക്കാർ നടത്തിയത്രെ. എന്നിട്ടും മാനേജ്മെന്റ് അനങ്ങിയില്ല പോലും. അതുകൊണ്ട് ഹജൂർ കച്ചേരിപ്പടിക്കൽ ജൂലൈ 24ന് കാറ്റുകൊള്ളാനിരുന്നു. അതെന്തായാലും നന്നായി. സ്വയം കൃതാനർത്ഥങ്ങൾക്ക് പ്രായശ്ചിത്തം നല്ലതാണ്. അത് ബന്ദിനെതിരെ ഉണ്ണാവ്രതമായിരുന്ന മൂത്തനേതാവിന്റെ പോലെയാവാതിരുന്നാൽ മതി. ധർണ്ണയും ഉപവാസവും ഖദർധാരികൾക്ക് ഒന്നാം തരം വർഷകാല ചികിത്സയാണ്. വെളുത്ത ഖദറിനുള്ളിലെ തുടുത്ത ശരീരത്തിൽ കൊഴുപ്പ് അട്ടിയട്ടിയായി അടിഞ്ഞു കൂടിയിട്ട് അരനൂറ്റാണ്ടാവുകായല്ലേ. അത് കുറെ അലിഞ്ഞുപോയാൽ തലയിൽ വെളിച്ചമുദിക്കും. മറന്നുപോയതെല്ലാം ഓർമ്മയിൽ വരും. ഒരു കായകല്പചികിത്സകഴിഞ്ഞ സുഖം ലഭിക്കും. എന്നിട്ടാകാം KSFESA യെ ചെളിവാരിയെറിയുന്നത്. ഒരു കാര്യം വീണ്ടും മനസ്സിലാക്കുക. മലർന്നു കിടന്നു തുപ്പിയാൽ സ്വന്തം മുഖത്തു തന്നെയാവും വീഴുക. ലളിതമായ ഒരു ചോദ്യം ചോദിക്കട്ടെ. FEEA ക്കാർ മുൻകൈ എടുത്ത് നാളിതേവരെ എന്തെങ്കിലും ഒരാനുകൂല്യം KSFE യിലെ ജീവനക്കാർക്ക് നേടിക്കൊടുത്തിട്ടുണ്ടോ?

# വസ്തു ജാമ്യം - നടപടിക്രമങ്ങൾ

**വിജയ് മാധവൻ**

**ഹാജരാക്കേണ്ട പ്രമാണങ്ങൾ:**

പ്രധാന ആധാരം, മുന്നാധാരം (13 വർഷത്തിനുള്ളിലുള്ളവയെല്ലാം), കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, ബാധ്യതാ സർട്ടിഫിക്കറ്റ് (13 വർഷത്തെ),വസ്തുനികുതി രസീത്, കെട്ടിടമുണ്ടെങ്കിൽ കെട്ടിടനികുതി രസീത്, ഒരു വക്കീൽ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം.

**പ്രധാന ആധാരം (Tittle Deed)**

1. പ്രധാന ആധാരം കേരള ലാന്റ് അസൈൻമെന്റ് ആക്ട് പ്രകാരം സിദ്ധിച്ചിട്ടുള്ള 'പട്ട' യാണെങ്കിൽ അസൽ 'പട്ട' യോടൊപ്പം കൈമാറ്റ ഓർഡറും ഹാജരാക്കിക്കണം. ഇവ പരിശോധിച്ച് വസ്തു അന്യാധീനത്തെ (Alienation) സംബന്ധിക്കുന്ന വ്യവസ്ഥകൾ വല്ലതും ഉണ്ടോ എന്ന് പരിശോധിക്കണം.
2. പ്രധാന ആധാരം കേരള ലാന്റ്സീലിംഗ്റൂൾ പ്രകാരം സിദ്ധിച്ചിട്ടുള്ള 'പട്ട' യാണെങ്കിൽ വസ്തു അന്യാധീനത്തെ നിയന്ത്രിക്കുന്ന നിയമങ്ങളെ അതിലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം.
3. കേരളലാന്റ് റിഫോംസ് ആക്ട് പ്രകാരമുള്ള വിലവാങ്ങൽ സർട്ടിഫിക്കറ്റാണ് (Parchase Certificate) പ്രധാന പ്രമാണമായി തരുന്നതെങ്കിൽ വെറും പാട്ട അവകാശം കാണിക്കുന്ന പ്രമാണവും ഹാജരാക്കിക്കണം. വെറും പാട്ട അവകാശം വാക്കാൽ ചെയ്തിട്ടുള്ളതാണെങ്കിൽ വിലവാങ്ങൽ സർട്ടിഫിക്കറ്റിന്റെ നടപടികളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും വസ്തുവിൽ മേൽ പരിപൂർണ്ണ അവകാശവുമുണ്ടെന്ന് സ്ഥാപിച്ച് സത്യവാങ് മൂലവും ഹാജരാക്കിക്കണം.
4. വസ്തു മുമ്പ് എവിടെയെങ്കിലും രജിസ്റ്ററാക്കി പണയം (Registered Mortgage) വെച്ചിട്ടുള്ളതാണെങ്കിൽ രജിസ്റ്ററാക്കിയ ബാദ്ധ്യത ഒഴിവാക്കിയ പ്രമാണം ഹാജരാക്കിക്കണം.
5. മൈനർക്ക് അവകാശമുള്ള വസ്തു ജാമ്യമായി സ്വീകരിക്കരുത്.
6. അധികാരപ്പെടുത്തിയ മുക്ത്യാർ (Power of Attorney) ആണ് അവകാശിക്കുവേണ്ടി വസ്തുപണയപ്പെടുത്തുന്നത് എങ്കിൽ

   (a) മുക്ത്യാർ അധികാരപത്രം രജിസ്റ്റർ ചെയ്തിരിക്കണം.

   (b) വസ്തു പണയപ്പെടുത്തുന്നതിനുള്ള പ്രത്യേക അധികാരം കൊടുത്തിരിക്കണം.

   (c) പ്രമുഖാധാരകനുമായി (Excecutant of power of Attorney) ബന്ധപ്പെട്ട് മുക്ത്യാർ അധികാരം ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

   (d) വിദേശ എംബസിയിൽ സാക്ഷ്യപ്പെടുത്തിയ മുക്ത്യാർ അധികാരപത്രം മുദ്രപത്രത്തിൽ

അല്ലായെങ്കിൽ ബന്ധപ്പെട്ട ജില്ലാകടക്ടറുടെ ഓഫീസിൽ നിന്നും മുദ്രപതിപ്പിച്ച് വാങ്ങിപ്പിക്കണം.

7. പ്രധാന ആധാരം ഭാഗപത്ര (Partition Deed)മാണെങ്കിൽ യഥാർത്ഥ ഭാഗപത്രം തന്നെ പണമായി സൂക്ഷിക്കണം. ഭാഗപത്രം മറ്റു കക്ഷികൾക്കു വേണ്ടി ഒരാൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ ഭാഗപത്രം പണയപ്പെടുത്തുന്നതിന് ഒരു നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെടുത്തിയ സമ്മത പത്രം മറ്റു കക്ഷികളിൽ നിന്നും വാങ്ങണം.

8. അപേക്ഷകൻ ഭാഗപത്രത്തിന്റെ ഇരട്ടിപ്പ് (Duplicate) പകർപ്പാണ് ഹാജരാക്കുന്നതെങ്കിൽ അത് യഥാർത്ഥ ആധാരത്തോടൊപ്പം രജിസ്റ്റരാക്കിയതും മുദ്രപത്രം പ്രസ്തുത കക്ഷിയുടെ പേരിൽ തന്നെ വാങ്ങിയിട്ടുള്ളതും ആകണം.

വിൽപത്രമാണ് പ്രധാന ആധാരമെങ്കിൽ വിൽപത്രം എഴുതിവച്ചയാളിന്റെ മരണ സർട്ടിഫിക്കറ്റ് വാങ്ങണം.

10. പണയവസ്തു അപേക്ഷകന് പൂർവ്വികന്റെ മരണശേഷം സിദ്ധിച്ചിട്ടുള്ളതാണെങ്കിൽ മറ്റ് അവകാശികൾ ഇല്ല എന്നത് അവകാശ സർട്ടിഫിക്കറ്റിലൂടെ ബോധ്യപ്പെടണം.

11. ഉടമയുടെ മരണശേഷം അവകാശികൾ ഒത്തുചേർന്നാണ് ഭാഗപത്രം ചെയ്തിരിക്കുന്നതെങ്കിൽ അയാളുടെ മരണസർട്ടിഫിക്കറ്റും കക്ഷികളുടെ അവകാശ സർട്ടിഫിക്കറ്റും (Legal Heirship Certificate) ഹാജരാക്കിക്കണം. ഭാഗപത്രത്തിൽ കക്ഷിചേരാത്ത അവകാശികൾ ഉണ്ടെങ്കിൽ അവരുടെ അവകാശം ഒഴിഞ്ഞപ്രമാണം (Release Deed) രജിസ്റ്ററാക്കിച്ചതിനുശേഷം ജാമ്യമായി സ്വീകരിക്കാം.

12. ചിട്ടിക്കും ചിട്ടിലോണിനും ഒഴികെ മറ്റുപദ്ധതികൾക്ക് പഞ്ചായത്ത് മേഖലയിൽ 5 സെന്റിൽ കുറഞ്ഞതും, മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും 3 സെന്റിൽ കുറഞ്ഞതും ആയ വസ്തുക്കൾ ജാമ്യമായി സ്വീകരിക്കില്ല.

മുന്നാധാരം (Prior Decument)

1. മുന്നാധാരം യഥാർത്ഥ പ്രമാണം തന്നെ ആവശ്യപ്പെടണം.

2. പ്രധാന ആധാരം 13 വർഷത്തിനു മുമ്പുള്ളതാണെങ്കിൽ മുന്നാധാരം രജിസ്റ്ററാക്കിയ ശരിപ്പകർപ്പായാലും മതി.

3. പ്രധാന ആധാരത്തിന് 13 വർഷം പഴക്കമില്ല എങ്കിൽ 13 വർഷത്തിനുള്ളിലുള്ള മുന്നാധാരങ്ങളുടെ അസൽ ഹാജരാക്കിക്കണം.

4. മുന്നാധാരത്തിൽ പണയ വസ്തു അല്ലാതെ മറ്റു വസ്തുക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ മാനേജർ സാക്ഷിപ്പെടുത്തിയ കോപ്പി സൂക്ഷിച്ചിട്ട് പരിശോധനയ്ക്കു ശേഷം യഥാർത്ഥ പ്രമാണം മടക്കികൊടുക്കാം.

5. മുന്നാധാരം ഉടമയുടെ മരണശേഷം അവകാശികൾ ചേർന്ന് നടത്തിയതാണെങ്കിൽ അസൽ പ്രമാണത്തെ സംബന്ധിച്ച് മേൽവിവരിച്ച (11) ലെ വ്യവസ്ഥകൾ പാലിക്കണം.

റവന്യൂ രേഖകളുടെ പരിശോധന

1. ആധാരത്തിലെ വസ്തുവിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പർ ഇവ രേഖപ്പെടുത്തുക.

2. ബാധ്യതാസർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം തീർത്ത രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവയിലെ സർവ്വേ നമ്പർ, വിസ്തീർണ്ണം ഇവയുമായി ഒത്തുനോക്കുക.

3. ആധാരത്തിലേയും റവന്യൂ രേഖയിലേയും സർവ്വെ നമ്പരുകൾ വ്യത്യസ്തമാണെങ്കിൽ ഈ രണ്ടുനമ്പരും ഒന്നാണ് എന്ന ബന്ധപ്പെട്ട റവന്യൂ അധികാരിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിക്കണം.

4. ആധാരത്തിലേയും റവന്യൂ രേഖയിലേയും വിസ്തീർണ്ണത്തിൽ റീസർവ്വേക്കുശേഷമുള്ള നേരിയ വ്യത്യാസമല്ലാതെ വലിയ വ്യത്യാസമുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കിക്കുകയും ആവശ്യമുള്ള രേഖകൾ ഹാജരാക്കിക്കുകയും വേണം. പ്രമാണങ്ങൾ സ്വീകാര്യമായി കണ്ടാൽ മുഴുവൻ പ്രമാണങ്ങളും മറ്റുരേഖകളും പരിശോധനക്കായി പാനൽ വക്കീലിനെ ഏൽപ്പിക്കണം. വസ്തുവിൽ പരിപൂർണ്ണ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് മറ്റുരേഖകളോ പ്രമാണങ്ങളോ വക്കീൽ ആവശ്യപ്പെടുന്ന പക്ഷം അത് ഹാജരാക്കിക്കണം. പ്രമാണങ്ങൾ അസ്വീകാര്യമായി വക്കീൽ കണ്ടെത്തുകയോ ആവശ്യപ്പെടുന്ന മറ്റുരേഖകളും പ്രമാണങ്ങളും ഹാജരാക്കാൻ അപേക്ഷകൻ പരാജയപ്പെടുകയോ ആണെങ്കിൽ ബ്രാഞ്ചുതലത്തിൽ തന്നെ അപേക്ഷനിരസിക്കണം. പ്രമാണങ്ങൾ സ്വീകാര്യമായികണ്ടാൽ ബ്രാഞ്ച്മാനേജർ വസ്തുവിന്റെ വിലനിർണ്ണയിക്കണം.

വസ്തുവിന്റെ വിലനിർണ്ണയം

1. ബ്രാഞ്ചിന്റെ 15 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള വസ്തു അതത് ബ്രാഞ്ച് മാനേജർമാർ തന്നെ വിലനിർണ്ണയം നടത്തണം.

2. അഞ്ചുലക്ഷം വരെയുള്ള ബാധ്യതകൾക്ക് ബന്ധപ്പെട്ട ബ്രാഞ്ചുമാനേജർമാർ വിലനിർണ്ണയിച്ചാൽ മതി.

3. അഞ്ചുലക്ഷത്തിനു മേൽ ബാധ്യത ഉണ്ടെങ്കിൽ പ്രമാണങ്ങളും ബ്രാഞ്ച്മാനേജരുടെ വിലനിർണ്ണയറിപ്പോർട്ടും (Valuation Report) റീജനൽ ഓഫീസിൽ കിട്ടിയതിനുശേഷം റീജനൽ മാനേജർ ചുമതലപ്പെടുത്തുന്ന മറ്റൊരുമാനേജർകൂടി വിലനിർണ്ണയിക്കണം.

4. വസ്തുവിന്റെ മാർക്കറ്റ് വിലകണ്ട് അതിന്റെ 75% നിർബ്ബന്ധിത കച്ചവടവില (Forced Sale Value) തായി കണക്കാക്കണം.

മുഴുവൻ പ്രമാണങ്ങളും മറ്റുരേഖകളും വക്കീലിന്റെ പരിശോധനാ റിപ്പോർട്ട്, മാനേജരുടെ വിലനിർണ്ണയറിപ്പോർട്ട് എന്നിവ സഹിതം റീജനൽ മാനേജർക്ക് അയച്ചുകൊടുക്കണം. ഇതോടൊപ്പമുള്ള മേൽകത്തിൽ (Covering Letter) നിയമപരമായി വസ്തുജാമ്യമായി സ്വീകരിക്കാം എന്ന് പ്രത്യേകം ബ്രാഞ്ചുമാനേജർ ശുപാർശ ചെയ്തിരിക്കണം.

ഒരിക്കൽ ജാമ്യമായി സ്വീകരിച്ച വസ്തുവിനെ വീണ്ടും മറ്റ് ആവശ്യങ്ങൾക്ക് ജാമ്യമായി സ്വീകരിക്കുന്നത്.

1. ഒരിക്കൽ ജാമ്യം തന്ന വസ്തു വീണ്ടും മൂന്നു പ്രാവശ്യം കൂടി ജാമ്യമായി സ്വീകരിക്കുന്നതിന് രജിസ്ട്രേഷൻ ആവശ്യമില്ല.

2. കമ്പനി വ്യവസ്ഥ പ്രകാരം ആകെ ബാധ്യതക്ക് വേണ്ടത്ര വില വസ്തുവിന് ഉണ്ടായിരിക്കണം.

3. വീണ്ടും ജാമ്യമാക്കുമ്പോൾ, അപേക്ഷ (Propl) സത്യവാങ്മൂലം (Prop 2 or prop3 ) വസ്തുവിന്റേയും കെട്ടിടമുണ്ടെങ്കിൽ കെട്ടിടത്തിന്റെയും തന്നാണ്ടത്തെ നികുതി ഒടുക്കിയ രസീത്. ജാമ്യം വയ്ക്കുന്ന ദിവസം വരെയുള്ള ബാധ്യതാ സർട്ടിഫിക്കറ്റ് " ലെറ്റർ ഓഫ് കണ്ടിന്യൂറ്റി" എന്നിവ ഹാജരാക്കിക്കണം.

4. ആദ്യജാമ്യത്തിലെ ജാമ്യക്കാരനും ചിറ്റാളനും (കടക്കാരൻ) വേണ്ടി മാത്രമേ പിന്നീട് ജാമ്യമായി സ്വീകരിക്കാവൂ. എന്നാൽ റീജിയണൽ മാനേജർമാരുടെ പ്രത്യേക പരിഗണനക്കു വിധേയമായി ജാമ്യക്കാരന്റെ അടുത്ത ബന്ധുക്കളായ അച്ഛൻ, മകൻ, മകൾ, സഹോദരൻ, സഹോദരി മരുമകൻ, മരുമകൾ എന്നിവർക്കു വേണ്ടി പണയ വസ്തു വീണ്ടും റജിസ്റ്റേർഡ് പണമായി സ്വീകരിക്കാവുന്നതാണ്.

5. ഒരു ദീർഘകാല ബാധ്യതക്കു വേണ്ടി ജാമ്യമായി സ്വീകരിച്ച വസ്തു പിന്നീട് ഒരു ഹ്രസ്വകാല ബാധ്യതക്കുവേണ്ടി ജാമ്യമായി സ്വീകരിക്കരുത്.

■

## ഒരു സംഘടനയെ എങ്ങിനെയെല്ലാം നാമാവശേഷമാക്കാം?

1. യോഗങ്ങൾക്ക് വരാതിരിക്കുക; അല്ലെങ്കിൽ വൈകിമാത്രം വരുക.

2. ഒരിക്കലും ഭാരവാഹിത്വമേൽക്കരുത്, എങ്കിലും ലഭിക്കാഞ്ഞതിന് പരിഭവിക്കുക.

3. യോഗത്തിൽ വെച്ച് നിർദ്ദേശങ്ങളൊന്നും വെയ്ക്കരുത്; പുറത്തുകടന്നാൽ എത്രവേണമെങ്കിലുമാവാം.

4. ഒന്നും ചെയ്യാതിരിക്കുക; എങ്കിലും ചെയ്യുന്നവരെ വിമർശിക്കുക.

5. സമ്മേളനങ്ങളും ചടങ്ങുകളും തികഞ്ഞ ധൂർത്താണെന്നു വിളിച്ചു കൂവുക.

6. ഇവയൊന്നുമില്ലെങ്കിൽ സംഘടന ചത്തതായി പ്രഖ്യാപിക്കുക.

7. വരിപ്പണം കൊടുക്കാതിരിക്കുക; അല്ലെങ്കിൽ കഴിയുന്നത്ര വൈകിക്കുക.

8. തെറ്റുകണ്ടുപിടിക്കുവാൻ കണ്ണിലെണ്ണയൊഴിച്ചിരിക്കുക; എന്തെങ്കിലും തെറ്റുകണ്ടാലുടൻ രാജിഭീഷണി മുഴക്കുക.

9. സംഘടനയിൽ നിന്ന് ലഭിക്കുന്ന കത്തിനൊന്നും മറുപടി കൊടുക്കാതിരിക്കുക.

10. അവസാനമായി ഒരു പ്രധാന ഉപദേശം: ഒരു കാരണവശാലും രാജിവെയ്ക്കരുത്, രാജി സ്വീകരിക്കപ്പെട്ടാൽ സംഘടന നശിപ്പിക്കുവാനുള്ള അവസരം താങ്കൾക്ക് നഷ്ടപ്പെടും.

# ഹെഡ്ഓഫീസ് വാർത്തകൾ

## SGA പ്രമോഷൻ:


69 പേർ SGA മാരായി പ്രമോട്ട്ചെയ്യപ്പെട്ടിട്ടുണ്ട്. 1990 ഡിസംബറിൽ പി.എസ്.സി. ശുപാർശ ചെയ്ത ലിസ്റ്റിലെ ടി.എൻ.അപ്പുക്കുട്ടൻവരെയുള്ളവർക്കാണ് പ്രമോഷൻ നൽകിട്ടുള്ളത്.

## പ്രൊബേഷൻ പൂർത്തിയാക്കൽ

സർവ്വീസിൽ പ്രവേശിച്ച് ഒരു വർഷം കഴിഞ്ഞവർ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകിട്ടുന്നതിന് ഈ കാലയളവിൽ അവർ ജോലിചെയ്തിട്ടുള്ള ബ്രാഞ്ചിലെ മാനേജർ തയ്യറാക്കിയ കോൺഫിഡെൻഷ്യൽ റിപ്പോർട്ട് ഹെഡ് ഓഫീസിലേക്ക് അയച്ചുകൊടുക്കണം. പ്രസ്തുത കാലയളവിൽ അവർ ഒന്നിൽകൂടുതൽ ബ്രാഞ്ചുകളിൽ ജോലിചെയ്തിട്ടുണ്ടെങ്കിൽ അന്നത്തെ മാനേജർമാർ തയ്യാറാക്കിയ കോൺഫിഡെൻഷ്യൽ റിപ്പോർട്ടുകൾ അയച്ചുകൊടുക്കണം. പ്രൊബേഷൻ കാലയളവിൽ കാഷ്വൽ ലീവ് അല്ലാതെ എടുത്തിട്ടുള്ള ലീവുകളുടെ വിവരങ്ങളും പ്രത്യേകം കാണിക്കുവാൻ ശ്രദ്ധിക്കുക.

## വാഷിംഗ് അലവൻസ്

സർവ്വീസിൽ പ്രവേശിച്ച ഉടനെ തന്നെ യൂണിഫോം അനുവദിക്കാവുന്നതാണ്. യൂണിഫോം അനുവദിച്ചു കിട്ടിയവർ അത് ബ്രാഞ്ചിൽ ധരിച്ചു തുടങ്ങിയ തിയ്യതി കാണിച്ചുകൊണ്ട് വാഷിംഗ് അലവൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ ബ്രാഞ്ചുമാനേജർ വഴിയായി ഹെഡ്ഓഫീസിലേക്ക് അയച്ചുകൊടുക്കണം. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യം ബ്രാഞ്ച്മാനേജർ പരിശോധിച്ച് ശുപാർശ ചെയ്തിരിക്കണം.




കെ.എസ്.എഫ്.ഇ.സ്റ്റാഫ് അസോസിയേഷൻ രജതജൂബിലി സമ്മേളനം മന്ത്രി കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

സംഘവേദിയിൽ പ്രസിദ്ധീകരിക്കുന്നതിനായി ലേഖനങ്ങൾ, സംഘടനയുടെ ജില്ലാപ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ, ബ്രാഞ്ചുകളുമായി ബന്ധപ്പെട്ട വാർത്താപ്രാധാന്യമുള്ള കുറിപ്പുകൾ, സർവ്വീസ് പ്രശ്നങ്ങൾ തുടങ്ങിയവയും സംഘവേദിയുടെ രൂപത്തിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങളും അത് കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുള്ള നിർദ്ദേശങ്ങളും താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

ടി.എൻ.വേണുഗോപാൽ,
കെ.എസ്.എഫ്.ഇ.ലിമിറ്റഡ്,
ഹെഡ്ഓഫീസ്, തൃശൂർ,
പിൻ.680 020.

## മെഡിക്കൽ അലവൻസ്.

സർവ്വീസിൽ പ്രവേശിച്ച് 6 മാസം കഴിഞ്ഞാൽ മെഡിക്കൽ അലവൻസ് ലഭിക്കുന്നതാണ്. അതിനായി നിർദ്ദേശിച്ചിട്ടുള്ള Declaration കൊടുത്ത് ബ്രാഞ്ച്മാനേജർ മുഖേന ഹെഡ് ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

## ഹൗസ് ലോൺ; വെഹിക്കിൾ ലോൺ.

97–98 ലേക്കുള്ള ഹൗസ് ലോണിനും വെഹിക്കിൾ ലോണിനും അർഹതയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൗസ് ലോണിന് അർഹതയുള്ളവർ രണ്ടു മാസത്തിനുള്ളിലും വെഹിക്കിൾ ലോണിന് അർഹതയുള്ളവർ ഒരു മാസത്തിനുള്ളിലും ആവശ്യമുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.


കെ.എസ്.എഫ്.സ്റ്റാഫ് അസോസിയേഷനു (സി.ഐ.ടി.യു ) വേണ്ടി ജനറൽ സെക്രട്ടറി ജി.തോമസ് പണിക്കർ തൃശൂർ പ്രിൻറ് ഹൗസിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.